II ഇ.ബി. XIII- കേരള നിയമസഭ/XIV-3

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂൺ 30, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5 (*61) ജലപാതാ വികസനം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, ചമ്പക്കര കനാൽ (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) ഉൾപ്പെടെ 205 കി.മീ. ദൈർഘ്യമുള്ള കൊല്ലം-കോട്ടപ്പുറം ജലപാത ദേശീയ ജലപാത നമ്പർ-3 ആയി അംഗീകരിച്ച് ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (ഐ.ഡബ്ല്യു.എ.ഐ.)-യുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും കായംകുളം കായലിൽ രണ്ട് കിലോമീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കുന്നതോടുകൂടി ഇതിലൂടെ രണ്ടുവരി ഗതാഗതം സാധ്യമാകുമെന്നും ലൈസൻസില്ലാത്ത ചീനവലകൾ

അടിയന്തരമായി നീക്കം ചെയ്ത് പദ്ധതി എത്രയുംവേഗം കമ്മീഷൻ ചെയ്യുന്നതാണെന്നും സഭയെ അറിയിച്ചു. പൂർണ്ണമായും കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ഈ പദ്ധതിക്കായി 31-03-2015 വരെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ (കോവളം മുതൽ ആക്കുളം വരെ) വികസനത്തിനായി 7.5 കോടി രൂപയുടെയും വർക്കല തുരങ്കങ്ങളുടെയും കനാലുകളുടെയും നവീകരണത്തിനായി 27 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി കഠിനംകുളം നടയറ ഭാഗത്തിന്റെ ആഴം കൂട്ടലും ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള ഭാഗത്തിന്റെ ആഴംകൂട്ടൽ, പാർശ്വഭിത്തി സംരക്ഷണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. 13-ാം ധനകാര്യ കമ്മീഷനിൽപെടുത്തി പൊന്നാനി-ചേറുവ പാതയുടെ 1.32 കി.മീ. നീളത്തിന്റെ 83% പണികളും താനൂർ-കൂട്ടായി കനാലിന്റെ 1.32 കീ.മീ. നീളത്തിൽ വീതികൂട്ടൽ, ആഴംകൂട്ടൽ, പാർശ്വഭിത്തി സംരക്ഷണം എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ്-19-ൽപെടുത്തി ബി.കെ. കനാലിന്റെ 3.5 കി.മീ നീളത്തിൽ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും നബാർഡ്-17-ൽപെടുത്തി ഇ.കെ. കനാലിന്റെ 8.8 കി.മീ നീളത്തിൽ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

വടകര-മാഹി കനാലിന്റെ നിർമ്മാണത്തിന് 116.25 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 99 കോടി രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി 422 കി.മീ. നീളം വരുന്ന സംസ്ഥാന ജലപാതയുടെ വിവിധ ഭാഗങ്ങളിലായി 150 കി.മീ. ഗതാഗതയോഗ്യമാണ്. ജലപാതയിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന ഊന്നി/ചീന വലകൾ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസുള്ള ഊന്നി/ചീനവലകൾ നീക്കംചെയ്യുന്നതിനുള്ള നഷ്ടപരിഹാരത്തുക 2.5 ലക്ഷമായും ലൈസൻസില്ലാത്ത വലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരത്തുക 1.25 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ടെന്നും കുടിശ്ശിക തുക ഉടനെതന്നെ കൊടുത്തുതീർക്കുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വ്യക്തമാക്കി.

6 (*62) <u>കുടിവെള്ളം ശുദ്ധീകരിക്കാൻ സംവിധാനം</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>) നൽകിയ മറുപടിയിൽ, തിരുവനന്തപുരം കോർപ്പറേഷനിൽ വിതരണം ചെയ്യുന്ന ജലത്തിൽ, 74 എം.എൽ.ഡി. പൾസേറ്റർ ടെക്നോളജി ഉപയോഗിച്ചും 210

എം.എൽ.ഡി. കൺവെൻഷണൽ രീതിയിലും 5 എം.എൽ.ഡി. ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ഫിൽറ്റർ ചെയ്ത് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കിയുമാണ് വിതരണം ചെയ്യുന്നതെന്നും ഇതിൽ 212 എം.എൽ.ഡി. ജലം 12 മാസവും പൂർണ്ണമായി ശുദ്ധീകരിച്ചാണ് നൽകുന്നതെന്നും സഭയെ അറിയിച്ചു. അരുവിക്കരയിലെ 72 എം.എൽ.ഡി. പ്ലാന്റിൽ നിന്നും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരക്കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി 'ജൈക്ക' പദ്ധതിയിൽപെടുത്തി പ്രസ്തുത ശുദ്ധീകരണശാലയുടെ പുനരുദ്ധീകരിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്. നേമം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിച്ച് 'ജിക്ക' ലൈനുമായി കൂട്ടിയോജിപ്പിച്ച് പൂർണ്ണമായി ശുദ്ധീകരിച്ച ജലം വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. സ്ഥിരമായി കേടുപാട് സംഭവിക്കുന്ന പൈപ്പ് ലൈനുകൾക്കുപകരം ഗുണനിലവാരമുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി 100 കോടി രൂപ വീതം ബഡ്ജറ്റിൽ മാറ്റിവയ്ക്കുന്നുണ്ടെന്നും പൂർത്തിയായിക്കൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ കുറ്റമറ്റതാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് വലിയ പ്രാധാന്യമാണ്

ഗവൺമെന്റ് നൽകിവരുന്നതെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

7 (*63) ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, പദ്ധതി/പദ്ധതിയേതര വിഹിതം, എം.എൽ.എ./എം.പി. ആസ്തിവികസന ഫണ്ട്, നബാർഡ്, ആർ.എസ്.ബി.വൈ. ഫണ്ടുകൾ എന്നിവ ഉപയോഗിച്ചാണ് സർക്കാർ ആശുപത്രികൾ, പി.എച്ച്.സി.കൾ, സി.എച്ച്.സി.കൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും ഇതര ഫണ്ടുകളും ഉപയോഗിച്ചാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും അടിസ്ഥാന സൗകര്യ വികസനം മുഖ്യമായും നടത്തുന്നതെന്നും സഭയെ അറിയിച്ചു. സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി 249 പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 100-ഓളം ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 2013-ൽ ആവിഷ്ക്കരിച്ച എൻ.യു.എച്ച്.എം.-ന്റെ

ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 66 പുതിയ അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. മേജർ കൺസ്ട്രക്ഷൻ വർക്ക്സ്, ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മെറ്റേണിറ്റി-ഡയാലിസിസ് യൂണിറ്റുകൾ, ട്രോമോകെയർ സെന്ററുകൾ, സീവേജ് ട്രീറ്റ്മെന്റ്/ബയോമെഡിക്കൽ പ്ലാന്റുകൾ എന്നിവ സ്ഥാപിക്കൽ, എം.എൽ.എ./എം.പി. ആസ്തി വികസന ഫണ്ട്, പദ്ധതിയേതര ഫണ്ട് എന്നിവ ഉപയോഗിച്ചും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, എൻ.എ.ബി.എച്ച്., കെ.എ.എസ്.എച്ച്, അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ തുടങ്ങി വിവിധ തരം പദ്ധതികൾ സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്നു. നിലവിലുള്ള തസ്തികകൾക്കുപുറമേ 315 ഡോക്ടർമാരെ അഡ്ഹോക് വ്യവസ്ഥയിൽ അധികമായി നിയമിച്ചിട്ടുണ്ടെന്നും 206 ഇനം അവശ്യ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ടെന്നും കാരുണ്യ ബെനവലന്റ് സ്കീമിൽ വരുന്ന ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 666 മുതൽ 1016 വരെയുള്ള ചോദ്യങ്ങളിൽ 271 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *